കാസർഗോഡ് ജില്ലാ ആശുപത്രിയിൽ നിയമനം

122 [T3821] *ശ്രീ. എം. കുമാരൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ജില്ലാ ആശുപത്രിക്ക് ആകെ എത്ര തസ്തികകളാണ് വേണ്ടതെന്ന് തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഇപ്പോൾ ഓരോ തസ്തികയിലും എത്ര പേരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇനിയും സൃഷ്ടിക്കാത്ത തസ്തികകൾ എപ്പോൾ സൃഷ്ടിക്കുമെന്ന് വിശദമാക്കുമോ ;

(ഇ) പുതുതായി സൃഷ്ടിച്ച തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രികൾക്ക് കിടക്കകളുടെ എണ്ണത്തിന്റെ അനുപാതത്തിലാണ് തസ്തികകൾ അനുവദിക്കുന്നത്. സ്റ്റാഫ് പാറ്റേൺ ഒന്നാം അനുബന്ധമായി ചേർത്തിട്ടുള്ള സർക്കാർ ഉത്തരവിൽ പറയും പ്രകാരമാണ്. †

(ബി) വിവരങ്ങൾ അനുബന്ധം -II ആയി ചേർത്തിട്ടുണ്ട്.†

(സി) 4-3-2005-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുതായി 50 തസ്തികകൾ സൃഷ്ടിച്ചു.

സിവിൽ സർജൻ	..	1
അസിസ്റ്റന്റ് സർജൻ	..	4
കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ	..	4
ഡെന്റൽ അസിസ്റ്റന്റ് സർജൻ	..	1
സ്റ്റാഫ് നേഴ്സ് ഗ്രേഡ് - II	..	13
നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II	..	1
എൽ. ഡി. ക്ലാർക്ക്	..	1
യു. ഡി. ക്ലാർക്ക്	..	1
നഴ്സിംഗ് അസിസ്റ്റന്റ്	..	7

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്പിറൽ അറ്റന്റന്റ് ഗ്രേഡ് 2	..	10
എക്സ്റേ ടെക്നിഷ്യൻ	..	1
സ്റേറാർ സൂപ്രണ്ട്	..	1
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	..	1
ഫിസിയോതെറാപ്പിസ്റ്	..	1
ഡെന്റൽ മെക്കാനിക്ക്	..	1
ലാബ് ടെക്നീഷ്യൻ	..	2
ആകെ	..	50

(ഡി) 1961-ൽ നിലവിൽ വന്ന സർക്കാർ ആശുപത്രികളിലെ സ്ററാഫ് പാറേറൺ പുനരവലോകനം ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

കാലടി (മറൂർ) കമ്മ്യൂണിറി ഹെൽത്ത് സെന്ററിന് കെട്ടിടം പണിയുന്നതിന് നടപടി

123 [3822] *ശ്രീ. പി. ജെ. ജോയി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കാലടി (മറൂർ) കമ്മ്യൂണിറി ഹെൽത്ത് സെന്ററിന് കെട്ടിടം പണിയുന്നതിന് നബാർഡ് ഏതെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) എറണാകുളം ജില്ലയിലെ കാലടി കമ്മ്യൂണിറി ഹെൽത്ത് സെന്ററിന് നബാർഡ് സഹായത്തോടെ കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. നബാർഡിൽ നിന്ന് അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

തൃപ്പനച്ചി പി. എച്ച്. സി. യിൽ സ്ഥിരം ഡോക്ടറുടെ നിയമനം

124 [3823] *ശ്രീ. ഇസ്ഹാക് കുരിക്കൾ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ തൃപ്പനച്ചി പി. എച്ച്. സി. -യിൽ സ്ഥിരം ഡോക്ടർ ഇല്ലാത്തതിനാൽ രോഗികൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly